പതിമൂന്നാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 592

29.06.2015 - ൽ മറുപടിക്ക്.

# അങ്കമാലിയിലെ കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി

<u>ചോദ്യം</u>

ശ്രീ. ജോസ് തെറ്റയിൽ

<u>മറുപടി</u>

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | അങ്കമാലിയിൽ സ്ഥാപിക്കുന്ന നിർദ്ദിഷ്ട കിൻഫ്ര വ്യവസായ പാർക്കിനുള്ള ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലെ (WP(C) 33795/2010) സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) : ഉണ്ട്. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ ? | (ബി) : മേൽപ്പറഞ്ഞ കേസിൽ കിൻഫ്രയുടെ വിശദമായ എതിർ സത്യവാങ്മൂലം ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും 1986-ലെ കേന്ദ്ര പരിസ്ഥിതി സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെയും ബന്ധപ്പെടുത്തിയാണ് ലാൻഡ് അക്വിസിഷൻ നടപടികളെ ടി കേസിൽ ചോദ്യം ചെയ്തിട്ടുള്ളത്. ലാൻഡ് അക്വിസിഷൻ തഹസീൽദാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപന പ്രകാരം ഏതാണ്ട് എല്ലാ സർവ്വേ നമ്പരിൽപ്പെട്ട ഭൂമിയും റവന്യൂ റിക്കാർഡിൽ "നിലം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ചിലും ഡിവിഷൻ ബെഞ്ചിലും തണ്ണീർത്തട സംരക്ഷണ നിയമ |

വുമായി ബന്ധപ്പെട്ട നിലവിലുള്ള പൊതുതാൽപര്യ ഹർജികൾ ഉൾപ്പെടെയുള്ള കേസുകളുമായി ചേർത്ത് ഒരു പൊതു തീരുമാനം പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.